ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 14.07.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘത്തിൻറെ ഭൂമിയിലേക്കുളള മടക്കയാത്ര ആരംഭിച്ചു.

2. യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പാലക്കാട് സ്വദേശിനി നിമിഷപ്രിയയുടെ മോചനത്തിന് സാധ്യമായതെല്ലാം ചെയ്തെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ.

3. സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്.

4. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്; ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

5. ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തകർച്ച.

*****************************************************

RNU TVPM

## ആക്സിയം-4

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യൻക്കാരൻ ശുഭാൻശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘത്തിൻറെ ഭൂമിയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. 14 ദിവസത്തെ ദൗത്യത്തിന് ശേഷമാണ് സംഘം മടങ്ങുന്നത്. വൈകീട്ട് 4:30 തോടെയാണ് അൺഡോക്കിംഗ് നടത്താൻ നേരത്തെ തീരുമാനിച്ചിരുന്നതെങ്കിലും ഇരുപത്തഞ്ച് മിനിട്ട് വൈകിയാണ് അൺഡോക്കിങ് പൂർത്തിയാക്കിയത്. നാളെ വൈകീട്ട് 3 മണിയോടെ പേടകം ഭൂമി തൊടും. തുടർന്ന് ഏഴു ദിവസം നാലു ബഹിരാകാശ സഞ്ചാരികളും പ്രത്യേക നിരീക്ഷണത്തിൽ കഴിയും.

*****************************************************

## നിമിഷപ്രിയ

യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പാലക്കാട് സ്വദേശിനി നിമിഷപ്രിയയുടെ മോചനത്തിന് സാധ്യമായതെല്ലാം ചെയ്തെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. കേസിൽ നയതന്ത്രപരമായി ഇടപെടുന്നതിന് പരിമിതികളുണ്ടെന്നും കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ട രമണി സുപ്രീം കോടതിയെ അറിയിച്ചു. സുപ്രീം കോടതി ജഡ്ജുമാരായ വിക്രം നാഥ്, സന്ദീപ് മെഹ്ത എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

PRIU TVPM

*****************************************************

## ഗവർണർ - ആർ ബിന്ദു

കേരള ഡിജിറ്റൽ സാങ്കേതിക സർവകലാശാലകളിൽ താത്കാലിക വിസി മാരെ നിയമിച്ചതുമായി ബന്ധപ്പെട്ട് ചാൻസലർ കൂടിയായ ഗവർണർ നൽകിയ ഹർജി ഹൈക്കോടതി തള്ളി. സർവകലാശാലകളിൽ സർക്കാർ പാനലുകളിൽ നിന്നല്ലാതെ വിസി മാരെ നിയമിച്ച നടപടി നേരത്തെ ഹേക്കോടതി സിംഗിൾ ബെഞ്ച് തള്ളിയിരുന്നു.

താൽക്കാലിക വിസിമാരുടെ കാലാവധി 6 മാസത്തിൽ കൂടുതലാകരുതെന്ന് ഡിവിഷൻ ബഞ്ച് നിർദേശിച്ചു. ഉത്തരവ് സ്വാഗതാർഹമെന്നും വിസി നിയമനത്തിൽ ചാൻസലർക്ക് ഏകപക്ഷീയമായി തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും മന്ത്രി ആർ ബിന്ദു മാധ്യമങ്ങളോട് പ്രതികരിച്ചു.

*************************************************

## പുതിയ ഗവർണർ

ഹരിയാനയിലും ഗോവയിലും പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു. മുൻ സിവിൽ ഏവിയേഷൻ മന്ത്രി അശോക് ഗജപതി രാജുവിനെ ഗോവ ഗവർണറായും പ്രൊഫ. ആഷിം കുമാർ ഘോഷിനെ ഹരിയാന ഗവർണറായും നിയമിച്ചു. കേരളത്തിലെ മുതിർന്ന ബി.ജെ.പി നേതാവ് പി.എസ് ശ്രീധരൻ പിള്ളയായിരുന്നു ഗോവ ഗവർണർ. കാലാവധി പൂർത്തിയാക്കിയ താൻ പൂർണ തൃപ്തിയോടെയാണ് ഗവർണർ സ്ഥാനമൊഴിയുന്നതെന്ന് ശ്രീധരൻ പിള്ള പറഞ്ഞു. കവിന്ദർ ഗുപ്തയെ ലഡാക്ക് ലെഫ്റ്റനന്റ് ഗവർണറായും നിയമിച്ചിട്ടുണ്ട്.

*************************************************

RNU TVPM

## ഗവർണർക്കെതിരായ ഹർജി

നിയമസഭ പാസാക്കിയ ബില്ലുകളിൽ ഒപ്പിടുന്നത് വൈകിപ്പിച്ചതിന് കേരള ഗവർണർക്കെതിരെ നൽകിയ ഹർജികൾ പിൻവലിക്കാൻ അനുവദിക്കണമെന്ന് കേരള സർക്കാർ സുപ്രീം കോടതിയോട് അഭ്യർത്ഥിച്ചു. തമിഴ്നാട് ഗവർണറുടെ കേസിൽ സുപ്രീം കോടതിയുടെ പുതിയ വിധി വന്ന സാഹചര്യത്തിൽ, തങ്ങളുടെ ഹർജികൾക്ക് ഇനി പ്രസക്തിയില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സംസ്ഥാനത്തിന്റെ നീക്കം. അതേസമയം, ഹർജികൾ പിൻവലിക്കുന്നതിനെ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണിയും സോളിസിറ്റർ ജനറൽ തുഷാർ മേത്തയും എതിർത്തു.

*************************************************

## സരോജ ദേവി

പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്ര താരം ബി സരോജാദേവിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി. സരോജാ ദേവിയുടെ വൈവിധ്യമാർന്ന പ്രകടനം മായാത്ത മുദ്രയായി നിലനിൽക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. വാർദ്ധക്യസഹജമായ ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് വിശ്രമ ജീവിതം നയിച്ചിരുന്ന സരോജ ദേവിയെ ബെംഗളൂരുവിലെ മല്ലേശ്വരത്തുള്ള വീട്ടിൽ അബോധാവസ്ഥയിൽ കണ്ടെത്തുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. കന്നഡ, തമിഴ്, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഭാഷകളിലായി 200 ഓളം ചിത്രങ്ങളിൽ അഭിനയിച്ചു. തുടർച്ചയായി 161 ചിത്രങ്ങളിൽ നായികാവേഷം ചെയ്തു. പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ നൽകി രാജ്യം ആദരിച്ചു.

*********************************************

## കുടംബശ്രീ (ഇൻട്രോ)

സംസ്ഥാനത്ത് ദാരിദ്ര്യനിർമാർജ്ജനം സാധ്യമാക്കുന്നതിൽ കുടുംബശ്രീ പ്രസ്ഥാനം വഹിച്ച പങ്ക് നിർണായകമാണെന്ന് മന്ത്രി എം ബി രാജേഷ്. കുടുംബശ്രീ സി.ഡി.എസ് അധ്യക്ഷമാരുടെ സംഗമത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനവും പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും തിരുവല്ലയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യ-മതനിരപേക്ഷ സ്വഭാവം കുടുംബശ്രീയെ മറ്റെല്ലാ പ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നുവെന്നും, അത് കൊണ്ടാണ് കുടുംബശ്രീയെ ദുർബലപ്പെടുത്താൻ സാധിക്കാത്തതെന്നും എം ബി രാജേഷ് പറഞ്ഞു.
(ഹോൾഡ്-വോയിസ്)

*********************************************

PRIU TVPM

## എൻ.ക്യു.എ.എസ്.

സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി മന്ത്രി വീണാ ജോർജ്. അതിൽ 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് പുതുതായി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് അംഗീകാരവും 4 എണ്ണത്തിന് പുതുക്കിയ എൻ.ക്യു.എ.എസ്. അംഗീകാരവുമാണ് ലഭിച്ചത്. ഇതോടെ സംസ്ഥാനത്തെ ആകെ 233 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതായി മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

*************************************************

## നിപ്പ

പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദേശം നൽകി. ചെറിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇ-സഞ്ജീവനി വഴി ഡോക്ടറുടെ സൗജന്യ സേവനം തേടാനും നിർദേശമുണ്ട്. പാലക്കാട് സ്വകാര്യ ആശുപത്രിയിൽ മരിച്ച 57 കാരന് നിപാ സ്ഥിരീകരിച്ച സാഹചര്യത്തിൽ, ഇദ്ദേഹത്തിൻറെ സമ്പർക്കപ്പട്ടിക തയ്യാറാക്കി. 46 പേരാണ് പട്ടികയിലുള്ളത്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലയിലെ ആശുപത്രികൾക്ക് ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്.

RNU TVPM

*************************************************

## എം.ബി രാജേഷ്

കേരളത്തിൽ ചെറിയ അളവിലുള്ള മയക്ക് മരുന്ന് പോലും പിടിച്ചെടുക്കപ്പെടുന്നു എന്നത് സംസ്ഥാനത്തെ അന്വേഷണ ഏജൻസികളുടെ മികവിൻ്റെ ഉദാഹരണമാണെന്ന് മന്ത്രി എം.ബി രാജേഷ് . കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ്റെ 45 -ാമത് സംസ്ഥാന

സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രതിനിധി സമ്മേളനം ഓമല്ലൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളം മയക്കു മരുന്നിൻ്റെ തലസ്ഥാനമായി മാറുന്നു എന്ന തരത്തിൽ ചില കേന്ദ്രങ്ങളിൽ നിന്ന് പ്രചരണങ്ങൾ നടക്കുന്നതായും മന്ത്രി പറഞ്ഞു.

**********************************************

## കുട്ടനാട് സഫാരി (ഇൻട്രോ)

കുട്ടനാടിന്റെ പ്രകൃതിയും പാരമ്പര്യവും ചേർന്നൊരുക്കുന്ന യാത്രാനുഭവം സമ്മാനിക്കാൻ വിനോദസഞ്ചാരികൾക്കായി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കുട്ടനാട് സഫാരി തയ്യാറാകുന്നു. മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ ആശയമാണ് ഈ ബജറ്റ് ടൂറിസം യാത്രയായി പരിണമിച്ചത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....
(വോയ്സ്)

RNU TVPM

**********************************************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്ക് ഏർപ്പെടുത്തി.

**********************************************

## ഇടുക്കി ജീപ്പ് സഫാരി

ഇടുക്കി ജില്ലയിൽ സുരക്ഷാഭീഷണിയെ തുടർന്ന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന ജീപ്പ് സഫാരി, ഓഫ്-റോഡ് പ്രവർത്തനങ്ങൾ എന്നിവ മറ്റന്നാൾ മുതൽ ഘട്ടം ഘട്ടമായി പുനരാരംഭിക്കും. ഇടുക്കി, ദേവികുളം സബ്ഡിവിഷന് കീഴിലുള്ള ഒൻപത് റൂട്ടുകൾക്കാണ് പ്രവർത്തനങ്ങൾ തുടരുന്നതിന് ജില്ലാ കളക്ടർ അനുമതി നൽകിയത്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം പ്രവർത്തനമെന്ന് കളക്ടർ നിർദേശം നൽകി. ഈ മാസം 5 മുതലാണ് ജീപ്പ് സഫാരിയ്ക്കും ഓഫ്-റോഡ് പ്രവർത്തനങ്ങൾക്കും ജില്ലാ ഭരണകൂടം നിയന്ത്രണം ഏർപ്പെടുത്തിയത്.

****************************************************

## ആഫ്രിക്കൻ ഒച്ച്-(ഇൻട്രോ)

ആഫ്രിക്കൻ ഒച്ചിനെ കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ് വയനാട് വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 12, 13 വാർഡിലെ ജനങ്ങൾ. പ്രദേശത്ത് വ്യാപകമായി കാണുന്ന ആഫ്രിക്കൻ ഒച്ച് കൃഷി നശിപ്പിക്കുന്നതോടൊപ്പം വിവിധ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാവുന്നതിനാൽ ഇവയെ നിർമാർജനം ചെയ്യണമെന്നാണ് നാട്ടുകാരുടെ ആവശ്യം.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.
(വോയ്സ്)

****************************************************

## ഇന്ത്യ-ഇംഗ്ലണ്ട് ക്രിക്കറ്റ്

ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തകർച്ച. നാല് വിക്കറ്റിന് 58 റൺ എന്ന നിലയിൽ അവസാനദിനം ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 8 വിക്കറ്റിന് 124 റൺ എന്ന നിലയിലാണ്.

****************************************************

RNU TVPM

## വി. ശിവൻകുട്ടി

വിദ്യാഭ്യാസമേഖലയിൽ 5000 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് മന്ത്രി വി. ശിവൻകുട്ടി. ചിതറ സർക്കാർ എൽ.പി.എസ് സ്കൂളിലെ പുതിയ ബഹുനില കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതുവരെ 45,000 സ്കൂളുകളിൽ അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ക്ലാസ്സുറികൾ ഒരുക്കിയെന്നും വി ശിവൻകുട്ടി പറഞ്ഞു. മന്ത്രി ജെ.ചിഞ്ചുറാണി ചടങ്ങിൽ അധ്യക്ഷയായിരുന്നു.

*********************************************

## കെ എൻ ബാലഗോപാൽ

സമസ്തമേഖലയിലും വികസനതുടർച്ച സാധ്യമാക്കുകയാണ് സർക്കാർ എന്ന് മന്ത്രി കെ എൻ ബാലഗോപാൽ. ക്ലാപ്പന ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൻ്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളാണ് സംസ്ഥാനത്തുള്ളത്. കാരുണ്യ പദ്ധതിപ്രകാരം 42 ലക്ഷം കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപയുടെ ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. ലൈഫ് മിഷൻ മുഖേന സ്വീകരിച്ച അഞ്ചു ലക്ഷം അപേക്ഷകളിൽ നാല് ലക്ഷത്തിലധികം വീടുകൾ പൂർത്തിയാക്കിയതായും മന്ത്രി വ്യക്തമാക്കി.

*********************************************

*

*********

*******************************************

RNU TVPM